# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5163** — **22/5/2017** -ലെ മറുപടി

## അടൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അടൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ കുടിവെള്ള പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടെന്നും ആയവ ഏതെല്ലാമെന്നും അറിയിക്കുമോ; | (എ) | അടൂർ നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ഏഴംകുളം, ഏനാദിമംഗലം, ഏറത്ത്, കലഞ്ഞൂർ (ഭാഗികം) എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി<br>2. പള്ളിക്കൽ, കടമ്പനാട് എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി<br>3. പന്തളം തെക്കേക്കര, തുമ്പമൺ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി<br>4. വള്ളിക്കോട്, കൊടുമൺ കുടിവെള്ള പദ്ധതിയുടെ വിപുലീകരണം |
| (ബി) | ഇവയിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി), (സി) & (ഡി) | ഉചിതമായ ഫണ്ടുകളിൽ ഉൾപ്പെടുത്തിയ ശേഷം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. അതിനു ശേഷം മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ. |
| (സി) | ഭരണാനുമതി ലഭ്യമാക്കുന്നതിന് ഉണ്ടായിട്ടുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | | |
| (ഡി) | സമയബന്ധിതമായി ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

JSK/